(എ) ഉപഭോക്താക്കൾക്ക് ആവശ്യമായ പാൽ ലഭ്യമാക്കാൻ മിൽമയ്ക്ക് ഇപ്പോൾ കഴിയുന്നുണ്ടോ;

(ബി) ഉപഭോക്താക്കൾക്ക് ആവശ്യമായ പാൽ ലഭ്യമാക്കാൻ എത്ര ലിറ്റർ പാലിന്റെ കുറവാണ് ഇപ്പോൾ ഉള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് പാൽ കേരളത്തിൽ എത്തുന്നത് എന്നറിയിക്കാമോ;

(ഡി) കേരളത്തിൽ പാൽ ഉല്പാദകരിൽനിന്ന് പാൽ കൂടുതലായി വാങ്ങി പാൽക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) മിൽമയ്ക്ക് ലഭിക്കുന്ന ഡിമാന്റനുസരിച്ച് പാൽ ലഭ്യമാക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ട്.

(ബി) മിൽമയ്ക്ക് കേരളത്തിൽനിന്നും ലഭിക്കുന്ന പാലിനു പുറമേ, പ്രതിദിനം 2.25 ലക്ഷം ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ വരുത്തുന്നുണ്ട്.

(സി) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും പാൽ കേരളത്തിൽ എത്തുന്നുണ്ട്.

(ഡി) സ്വീകരിക്കുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ സ്കൂളുകൾക്ക് കളിസ്ഥലങ്ങളുടെ വികസനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വീകരിച്ച നടപടി

*26 [236] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കളിസ്ഥലങ്ങളുടെ വികസനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിന് സ്പോർട്ട്സ് ഡയറക്ടറേറ്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര കോടി രൂപയാണ് കേന്ദ്രം സംസ്ഥാനത്തിന് ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്നും, എത്ര കോടി രൂപ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) എത്ര സ്കൂളുകളെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഈ കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിനായി 13-5-2003 മുതൽ 11-6-2003 വരെയുള്ള തീയതികളിൽ സംസ്ഥാനത്തുടനീളം ബോധവൽക്കരണ ചർച്ചകൾ സംഘടിപ്പിക്കുകയും അതുപ്രകാരം എം.പി.-മാർ, എം.എൽ.എ.-മാർ, മുനിസിപ്പൽ സെക്രട്ടറിമാർ മുതലായവരുടെ ശുപാർശയോടെ ലഭിച്ച അപേക്ഷകളിൽ തൃപ്തികരമായ 93 അപേക്ഷകൾ (മൊത്തം 1,56,25,437 രൂപ എസ്റ്റിമേറ്റുള്ള) നടപ്പു സാമ്പത്തിക വർഷത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കായിക യുവജനകാര്യ ഡയറക്ടർ 2003 നവംബർ മാസം കേന്ദ്ര മന്ത്രാലയത്തിലെ ഉയർന്ന ഉദ്യോഗസ്ഥരെ ന്യൂഡൽഹിയിൽ നേരിട്ട് കണ്ട് ചർച്ച നടത്തുകയും ചെയ്തു. ശേഷം ലഭിച്ച അപേക്ഷകൾ അടുത്ത സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്കൂളുകൾ അപേക്ഷ സമർപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു.† സ്കൂളുകളെ തെരഞ്ഞെടുക്കുന്നതും ഈ മാനദണ്ഡമനുസരിച്ചാണ്.

(സി) തുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല. 1,56,25,437 രൂപയുടെ ധനസഹായത്തിനുള്ള അപേക്ഷകളാണ് അയച്ചിട്ടുള്ളത്. അത്രയും തുക കേന്ദ്ര സർക്കാർ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 93 സ്കൂളുകളുടെ അപേക്ഷകളാണ് കേന്ദ്ര സർക്കാരിലേക്ക് അയച്ചിട്ടുള്ളത്.

കലയുടെയും സംസ്കാരത്തിന്റെയും വികസനം ലക്ഷ്യമാക്കി അനുവദിച്ചു വരുന്ന ധനവിഹിതം

*27 [237] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, യു. സി. രാമൻ:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുതാൽപ്പര്യം കണക്കിലെടുത്ത് കലയുടെയും സംസ്കാരത്തിന്റെയും വികസനം ലക്ഷ്യമാക്കി വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്മാരക കമ്മിറ്റികൾക്കും ഇപ്പോൾ അനുവദിച്ചുവരുന്ന ധനവിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വിതരണത്തിൽ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുവാനും വർദ്ധനവ് വരുത്തുവാനും നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്മാരക കമ്മിറ്റികൾക്കും മറ്റുമായി നടപ്പു സാമ്പത്തിക വർഷം 4,16,83,500 രൂപ ഗ്രാന്റിനത്തിൽ ചെലവഴിക്കുന്നുണ്ട്. കൂടാതെ, ചില സ്ഥാപനങ്ങൾക്ക് ആവർത്തന/അനാവർത്തന ഗ്രാന്റിനത്തിൽ 50 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തിൽ ലഭ്യമാകും.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[30-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *15 (225) ദയവായി കാണുക.]

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തുക നൽകുന്നതിനുള്ള മാനദണ്ഡങ്ങളും വെയിറ്റേജും

	സൂചകങ്ങൾ	വെയിറ്റേജ് (ശതമാനം)			
		ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ
1.	ജനസംഖ്യ (പട്ടികജാതി, പട്ടികവർഗ്ഗക്കാർ ഒഴിച്ചുള്ളത്)	60	60	50	70
2.	പട്ടികവർഗ്ഗ ജനസംഖ്യ	5	5	5	5
3.	വനപ്രദേശങ്ങളൊഴികെയുള്ള ഭൂപ്രദേശം	5	10	15	5
4.	നെൽകൃഷി പ്രദേശത്തിന്റെ വിസ്തൃതി	5	..	..	..
5.	ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം	10	..	..	..
6.	കർഷക തൊഴിലാളികൾ, കാലി വളർത്തൽ, മത്സ്യബന്ധനം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്ര തൊഴിലാളികൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള സൂചിക	15	25	20	..
7.	കക്കൂസ് ഇല്ലാത്ത വീടുകൾ, വൈദ്യുതിയില്ലാത്ത വീടുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പിന്നോക്കാവസ്ഥ	..	..	10	20
	ആകെ	100	100	100	100

അനുബന്ധം II

[30-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *26 (236) ദയവായി കാണുക.]

അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ

ഗ്രാമീണ സ്കൂളുകൾക്ക് കേന്ദ്ര സഹായ പദ്ധതി

സവിശേഷതകൾ:

1. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കളിസ്ഥലങ്ങളുടെ വികസനത്തിനും കായിക ഉപകരണങ്ങൾവാങ്ങുന്നതിനും കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

2. ഒരു ഗ്രാമീണ (റൂറൽ) സ്കൂളിന് ഒറ്റത്തവണ ഗ്രാന്റായി 1.50 ലക്ഷം രൂപ നൽകുന്നു.

3. ഇപ്രകാരം ലഭിക്കുന്ന ഗ്രാന്റ് തുക ഉപയോഗിച്ചു നിർമ്മിക്കുന്ന കളിസ്ഥലവും വാങ്ങുന്ന കായിക ഉപകരണങ്ങളും അനുയോജ്യമായി ഉപയോഗിക്കുമെന്നും പരിപാലിക്കുമെന്നും സംരക്ഷിക്കുമെന്നും ഒരു പ്രോജക്ട് അനുസരിച്ച് പരിശീലന പരിപാടി നടപ്പാക്കുമെന്നും ഉറപ്പാക്കുന്ന തരത്തിൽ ഒരു സമ്മതപത്രം (അണ്ടർ ടേക്കിംഗ്) ഹാജരാക്കേണ്ടതാണ്.

4. അപേക്ഷ മതിയായ രേഖകൾ സഹിതം ജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി, സംസ്ഥാന കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

5. ഗ്രാമീണ മേഖലയിൽ സ്ഥിതി ചെയ്യുന്നതും താഴെപ്പറയുന്ന സൗകര്യങ്ങളുള്ളതുമായ സ്കൂളുകൾക്കു മാത്രമേ ഇത്തരം ഗ്രാന്റിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(1) ഏതു കായിക ഇനത്തിന് വേണ്ടിയുള്ള ഉപകരണങ്ങളാണോ വാങ്ങുവാൻ ഉദ്ദേശിക്കുന്നത് ആ ഇനത്തിന് വേണ്ടി സ്റ്റാൻഡേർഡ് സൈസിലുള്ള കളിസ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. (സ്റ്റാൻഡേർഡ് സൈസിന്റെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.)

(2) സ്കൂളിന്റെ റോളിൽ കുറഞ്ഞതു 200 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം.

(3) അംഗീകൃത സർവ്വകലാശാലയിൽ നിന്നോ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ കായിക വിദ്യാഭ്യാസത്തിൽ ഡിഗ്രിയോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ ലഭിച്ച ഒരു ഫുൾടൈം കായികാദ്ധ്യാപകൻ സ്കൂളിൽ ജോലിയിലുണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(4) ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കാനും മെയിന്റയിൻ ചെയ്യാനും 10,000 രൂപയെങ്കിലും വർഷത്തിൽ മുടക്കാനും സ്കൂളിന് ധനസ്ഥിതി ഉണ്ടായിരിക്കണം.

(5) കുറഞ്ഞത് 20 X 12 മീറ്റർ വിസ്തീർണ്ണമുള്ള പ്രത്യേകമായി മുറി സൗകര്യമുള്ള സ്കൂളിൽ മൾട്ടി ജിം ഉപകരണങ്ങൾ വാങ്ങാനും ധനസഹായം ലഭിക്കാവുന്നതാണ്.

മുൻ നിബന്ധനകൾ പാലിക്കുമെന്ന തരത്തിൽ അവ തെളിയിക്കാൻ സാക്ഷ്യ പത്രങ്ങൾ സഹിതം അനുബന്ധം II-ലെ നിശ്ചിത പ്രഫോർമയിൽ സമർപ്പിക്കേണ്ടതാണ്.

6. ഈ പദ്ധതിയനുസരിച്ച് ആകെ 1.50 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നതാണ്. എന്നാൽ നോൺ കൺസ്യൂമബിൾ കായിക ഉപകരണങ്ങൾ, കളിസ്ഥല വികസനം, കൺസ്യൂമബിൾ കായിക ഉപകരണങ്ങൾ എന്നിവയ്ക്ക് യഥാക്രമം 1 ലക്ഷം, 1.20 ലക്ഷം, 25,000 രൂപ ലഭിക്കാവുന്ന പരമാവധി സഹായമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ധന സഹായം 75:25 റേഷ്യോയിൽ രണ്ട് ഗഡുക്കളായി ഡി. ഡി.-യായോ ചെക്കായോ നൽകുന്നതാണ്.

7. സ്കൂളിന്റെ പ്രിൻസിപ്പാളോ ഹെഡ്മാസ്റ്ററോ ആവശ്യമായ കായിക ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി ഉപകര ണങ്ങൾ സ്റ്റാൻഡേർഡ് കാളിറ്റിയിലുള്ളവയാണെന്നും സംസ്ഥാനത്ത് നിലവിലുള്ള നിരക്കിന്റെ അടിസ്ഥാനത്തിലാണെന്നും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8. ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിനിയോഗ സർട്ടിഫിക്കറ്റ് യുവജനകാര്യ കായിക വകുപ്പിൽ സമർപ്പിക്കുന്നത് മേലൊപ്പ് സഹിതമായിരിക്കണം.

9. കായിക ഉപകരണങ്ങളുടെ വിസ്തൃതമായ ലിസ്റ്റ് അനുബന്ധം III-ആയി ചേർത്തിട്ടുണ്ട് എന്നിരുന്നാലും പ്രാദേശികമായ ഗയിംസിന്റെ പുരോഗതിക്കായി മറ്റ് കായിക ഉപകരണങ്ങളും വാങ്ങാവുന്നതാണ്.

10. അപേക്ഷകൾ സമർപ്പിക്കുന്നതിന് പ്രത്യേക സമയപരിധി ഇല്ലെങ്കിലും അതാത് സാമ്പത്തിക വർഷത്തെ കണക്കിൽ ഉൾപ്പെടുത്തി അനുവദിക്കാനുതകത്തക്ക സമയ ത്തിനുള്ളിൽ (അതായതു 2003-2004 സാമ്പത്തിക വർഷത്തിൽ അനുവദിക്കേണ്ടവ) സംസ്ഥാന കായിക യുവജനകാര്യ വകുപ്പു ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly